"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കേരള കാർഷിക സർവ്വകലാശാല -ഗ്രാന്റ് ഇൻ എയിഡ് -2024 ആഗസ്റ്റ് മാസത്തെ ശമ്പളം, വേതനം, പെൻഷൻ തുടങ്ങിയ ഇനങ്ങളിലെ ചിലവുകൾക്കായി പദ്ധതിയേതരവിഹിതം അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**കൃഷി (ഫാംസ്) വകുപ്പ്**

G.O.(Rt)No.794/2024/AGRI തീയതി,തിരുവനന്തപുരം, 30-08-2024

---

പരാമർശം:- കേരള കാർഷിക സർവ്വകലാശാല കംപ്ട്രോളറുടെ 02/08/2024 ലെ KAUFIN/3968/2024-FIN BG A2 നമ്പർ കത്ത്.

**ഉത്തരവ്**

2024 ആഗസ്റ്റ് മാസത്തെ ശമ്പളം, വേതനം, പെൻഷൻ തുടങ്ങിയ ചെലവുകൾക്കായി ₹34.32156/- കോടി രൂപ പ്രതിമാസ പദ്ധതിയേതര വിഹിതമായി അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം കേരള കാർഷിക സർവ്വകലാശാല കംപ്ട്രോളർ അപേക്ഷിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ കേരള കാർഷിക സർവ്വകലാശാലയ്ക്ക് "2415-01-277-99-31-Grant-in-aid General-Salaries (NP)" എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുള്ള ₹411.8588 കോടി രൂപയിൽ നിന്നും **₹ 34.32/-കോടി രൂപ (മുപ്പത്തി നാല് കോടി മുപ്പത്തി രണ്ട് ലക്ഷം രൂപ മാത്രം)** 2024 ആഗസ്റ്റ് മാസത്തെ ശമ്പളം, വേതനം, പെൻഷൻ എന്നീ ആവശ്യങ്ങൾക്കായി ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

I. ഫണ്ട് ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടുള്ളതല്ല.
II. ഫണ്ട് അനുവദിച്ചിരിക്കുന്ന നിശ്ചിത ആവശ്യത്തിനു മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. യാതൊരു കാരണവശാലും വക മാറ്റി ചെലവഴിക്കാൻ പാടില്ല.
III. ഇനം തിരിച്ചുള്ള ചെലവുകളുടെ സ്റ്റേറ്റ്മെന്റും നിശ്ചിത പ്രൊഫോർമയിലുള്ള വിനിയോഗ സർട്ടിഫിക്കറ്റും അടുത്ത റിലീസിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
IV. 09.12.2008 തീയതിയിലെ സർക്കുലർ നം.84/2008/ധന, 29.08.2009 തീയതിയിലെ സർക്കുലർ നം.75/2009/ധന, 30/01/2018 തീയതിയിലെ സർക്കുലർ നം.08/2018/ധന, 04.01.2021 തീയതിയിലെ സർക്കുലർ നം.01/2021/ധന എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(3) 11/06/2018-ലെ സ.ഉ.(പി)നം.88/2018/ധന ഉത്തരവിലെ ഖണ്ഡിക 10 പ്രകാരമുള്ള തുടർ നടപടി കേരളകാർഷികസർവ്വകലാശാല കംപ്ട്രോളർ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുക **"2415-01-277-99-31-Grant-in-aid General-Salaries (NP)"** എന്ന ശീർഷകത്തിൽ നിന്നും

ഡെബിറ്റ് ചെയ്ത് തൃശ്ശൂർ അഡീഷണൽ സബ്‌ട്രഷറിയിൽ കേരള കാർഷിക സർവ്വകലാശാല കംപ്‌ട്രോളറുടെ പേരിലുള്ള സ്പെഷ്യൽ TSB അക്കൗണ്ട് നം.713031400000005 ൽ നിക്ഷേപിച്ച് മേൽ പ്രസ്താവിച്ച നിബന്ധനകൾക്ക് വിധേയമായി വിതരണം ചെയ്യേണ്ടതാണ്.

(4) തിരുവനന്തപുരം ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ കൃഷി (ഫാംസ്) വകുപ്പിലെ അണ്ടർ സെക്രട്ടറി തയ്യാറാക്കുന്ന ഒരു ബില്ലിൽ പ്രസ്തുത തുക സെക്രട്ടറിയേറ്റ് സബ്‌ട്രഷറി ഓഫീസർ അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K MANOJ KUMAR
DEPUTY SECRETARY

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
കംപ്‌ട്രോളർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
സബ് ട്രഷറി ഓഫീസർ, സെക്രട്ടറിയേറ്റ് ട്രഷറി, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധന വകുപ്പ് (29.08.2024 തീയതിയിലെ 2755789/PU-B3/40/2024-FIN പ്രകാരം)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ